# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നമ്പർ :*124

12-06-2019 ൽ മറുപടിയ്ക്ക്

## കിസാൻ സമ്മാൻനിധി പദ്ധതി

**ചോദ്യം**

ശ്രീ.റോഷി അഗസ്റ്റിൻ
,, മോൻസ് ജോസഫ്
,, സി.എഫ്.തോമസ്
ഡോ.എൻ. ജയരാജ്

**മറുപടി**

ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) പ്രധാൻ മന്ത്രി കിസാൻ സമ്മാൻനിധി (പി.എം.കിസാൻ) പദ്ധതി പ്രകാരം ആദ്യഘട്ടത്തിൽ തുക ലഭിച്ച കർഷകർ രണ്ടാംഘട്ടത്തിൽ പുറത്തായതായ വാർത്തകളുടെ നിജസ്ഥിതി എന്താണെന്ന് അറിയിക്കാമോ; | (എ) പ്രധാൻ മന്ത്രി കിസാൻ സമ്മാൻനിധി (പി.എം.കിസാൻ) പദ്ധതിയിൽ സംസ്ഥാനത്ത് 31/03/2019 വരെ 25.43595 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ലോക സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റ ചട്ടം നിലവിൽ വന്നതിന്റെ അടിസ്ഥാനത്തിൽ 10/03/2019 വരെ ഒന്നാം ഘട്ട പരിശോധന പൂർത്തിയാക്കിയ 11.45069 ലക്ഷം അപേക്ഷകൾ മാത്രമേ ഒന്നാം ഘട്ടത്തിൽ ആനുകൂല്യം നൽകുന്നതിന് കേന്ദ്ര സർക്കാർ പരിഗണിച്ചുള്ളൂ. ഇതിൽ തന്നെ പി.എഫ്.എം.എസ്സ്, ബാങ്ക് തല പരിശോധനകൾ പൂർത്തിയാക്കിയ 9.31816 ലക്ഷം കർഷകർക്കാണ് ഒന്നാം ഗഡു (ഡിസംബർ 2018 മുതൽ മാർച്ച് 2019 വരെ) ആനുകൂല്യം നൽകിയത്. ഇവരിൽ തന്നെ അർഹതയില്ല എന്ന് പിന്നീട് കണ്ടെത്തിയ 155 കർഷകരെ ഒഴിവാക്കി 9.31661 ലക്ഷം കർഷകർക്ക് രണ്ടാം ഗഡു (ഏപ്രിൽ 2019 മുതൽ ജൂലായ് 2019 വരെ) ആനുകൂല്യം കേന്ദ്ര സർക്കാർ അനുവദിച്ചു. ഇവരിൽ ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവിധ പ്രശ്നങ്ങൾ കാരണം 18930 പേർക്ക് ഇവരുടെ അക്കൗണ്ടിലേക്ക് ആനുകൂല്യം നൽകുന്നതിന് സാധിച്ചില്ല. ഇത്തരത്തിൽ സാങ്കേതിക കാരണങ്ങളാൽ തിരസ്കരിക്കപ്പെട്ട അപേക്ഷകർക്ക്, അവ തിരുത്തി നൽകുന്നതിന് പോർട്ടലിൽ സൗകര്യം ലഭ്യമാണ്. തിരുത്തലുകൾ നടത്തി നൽകുന്ന മുറയ്ക്ക് ഇത്തരം കർഷകർക്കും ആനുകൂല്യം ലഭ്യമാകുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത നിധിയിൽ നിന്ന് കൃഷിക്കാർക്ക് തുക ലഭിക്കുന്നതിന് നിലവിൽ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി) | പ്രധാൻമന്ത്രി കിസാൻ സമ്മാൻ നിധി (പി.എം.കിസാൻ) എന്ന 100% കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം സംസ്ഥാന സർക്കാരിന്റെ ലാൻഡ് റിക്കാർഡിൽ 01-02-2019 തീയതിയിൽ രണ്ട് ഹെക്ടറിൽ കവിയാതെ വിസ്തീർണ്ണമുള്ള കൃഷിഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷക കുടുംബങ്ങൾക്ക് അവരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് പ്രതിവർഷം 6,000/- രൂപ നാല് മാസത്തിലൊരിക്കൽ മൂന്ന് തുല്യ ഗഡുക്കളായി നൽകുന്നു. (കൃഷി ഭൂമിയുടെ ഉയർന്ന പരിധി ഒഴിവാക്കിയതായി പുതിയ കേന്ദ്ര സർക്കാരിന്റെ പ്രഖ്യാപനം ഇപ്പോൾ വന്നിട്ടുണ്ട്).<br><br>2018-19 സാമ്പത്തിക വർഷത്തിലെ സ്ഥലത്തിന്റെ കരമടച്ച രസീത് സമർപ്പിക്കുന്ന ചെറുകിട നാമമാത്ര കർഷക കുടുംബത്തിന് ആനുകൂല്യത്തിന് അർഹതയുണ്ട്. അതോടൊപ്പം വനാവകാശ നിയമ പ്രകാരം കൈവശാവകാശ രേഖയുള്ള പട്ടിക വർഗ്ഗ കുടുംബത്തിനും പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതാണ്. കർഷകൻ, അദ്ദേഹത്തിന്റെ ഭാര്യ അവരുടെ പ്രായപൂർത്തിയാവാത്ത കുട്ടികൾ എന്നിവർ ഉൾപ്പെടുന്നതാണ് കുടുംബം.<br>01/12/2018 മുതൽ കർഷകർക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കും. 2018-19 സാമ്പത്തിക വർഷത്തിൽ ആദ്യ ഗഡുവിന്റെ കാലാവധി 01/12/2018 മുതൽ 31/03/2019 വരെയാണ്.<br>താഴെപ്പറയുന്ന ഉയർന്ന സാമ്പത്തിക നിലവാരമുള്ളവ്യക്തികൾ പദ്ധതി പ്രകാരമുള്ള ആനുകൂല്യത്തിന് അർഹരല്ല.<br>a) സ്ഥാപങ്ങളോടനുബന്ധിച്ച വസ്തു ഉടമകൾ (All Institutional Land holders)<br>b) കർഷക കുടുംബത്തിൽ ഒന്നോ അതിലധികമോ അംഗങ്ങൾ താഴെ പറയുന്ന വിഭാഗത്തിൽ ഉൾപെട്ടാൽ ആനുകൂല്യത്തിന് അർഹരല്ല.<br>· ഭരണഘടന സ്ഥാപനങ്ങളിലെ നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള ഉദ്യോഗസ്ഥർ<br>· നിലവിലുള്ളതും മുൻപുള്ളതുമായിട്ടുള്ള മന്ത്രിമാർ, ലോക സഭാംഗങ്ങൾ, രാജ്യസഭാംഗങ്ങൾ, നിയമസഭാംഗങ്ങൾ, സ്റ്റേറ്റ് ലജിസ്ലേറ്റീവ് കൗൺസിൽ അംഗങ്ങൾ, |

| | | | |
|---|---|---|---|
| | | | മേയർമാർ, ജില്ലാപഞ്ചായത്ത് അദ്ധ്യക്ഷൻമാർ.<br>· കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിലും, പൊതുമേഖലാ സ്ഥാപനങ്ങൾ, ഇവയുടെ ഫീൽഡ് യൂണിറ്റുകൾ, മറ്റ് ബന്ധപ്പെട്ട സ്ഥാപനങ്ങൾ എന്നിവയിലെ നിലവിൽ സർവ്വീസിലുള്ളവരും വിരമിച്ചവരുമായ ഉദ്യോഗസ്ഥരും, തദ്ദേശ സ്ഥാപനങ്ങളിലെ സ്ഥിരം ജീവനക്കാരും. (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള ).<br>· കേന്ദ്ര സംസ്ഥാന സർക്കാർ ഓഫീസുകളിലും ആട്ടോണമസ് സ്ഥാപനങ്ങളിൽ നിന്നും വിരമിച്ച്, പ്രതിമാസം 10000/- രൂപയോ അതിൽ കൂടുതലോ പെൻഷൻ ആനുകൂല്യം ലഭിക്കുന്നവർ (ക്ലാസ് 4/ ഗ്രൂപ്പ് D ഒഴികെയുള്ള )<br>· അവസാന അസ്സെസ്സ്മെന്റ് വർഷം ഇൻകം ടാക്സ് അടച്ചവർ<br>· പ്രൊഫഷണൽ ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവർ (ഡോക്ടർ, എഞ്ചിനീയർ, വക്കീൽ, ആർക്കിടെക്ട്, ചാർട്ടേർഡ് അക്കൗണ്ടന്റ് തുടങ്ങി നിയമാനുസൃതമായി പ്രൊഫഷണൽ ബോഡികളിൽ രജിസ്റ്റർ ചെയ്ത് പ്രാക്ടീസ് ചെയ്യുന്ന പ്രൊഫഷണൽസ്). |
| (സി) | സംസ്ഥാനത്ത് നിലവിൽ പി.എം.കിസാൻ പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടത്തിൽ ഉൾപ്പെട്ടിട്ടില്ലാത്ത കർഷകരുടെ കണക്ക് ലഭ്യമാണോ; എങ്കിൽ വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയിൽ ഇവരെ ഉൾപ്പെടുത്തുന്നതിന് കേന്ദ്രത്തിൽ സമ്മർദ്ദം ചെലുത്താൻ നടപടി സ്വീകരിയ്ക്കാമോ? | (സി) | പ്രധാൻ മന്ത്രി കിസാൻ സമ്മാൻനിധി (പി.എം.കിസാൻ) പദ്ധതിയിൽ സംസ്ഥാനത്ത് 31/05/2019 വരെ 28.46108 ലക്ഷം കർഷകർ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതിൽ ഒന്നാം ഘട്ടത്തിൽ ഒന്നും രണ്ടും ഗഡു ആനുകൂല്യത്തിനായി പരിഗണിക്കപ്പെട്ട 11.45069 ലക്ഷം അപേക്ഷകൾ ഒഴികെയുള്ള 17.01039 ലക്ഷം രണ്ടാം ഘട്ട അപേക്ഷകളുടെ പരിശോധനകൾ വിവിധ തലങ്ങളിൽ നടന്നുവരുന്നു. ലോക സഭാ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട മാതൃകാ പെരുമാറ്റചട്ടം നിലവിലുണ്ടായിരുന്നതിനാലാണ് ബാക്കിയുള്ള അപേക്ഷകൾ പരിഗണിക്കാൻ വൈകിയത്. |

സെക്ഷൻ ഓഫീസർ